**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **5035**

**24/10/2011** ൽ മറുപടിയ്ക്ക്

**പരിയാരം ഗവ. ആയൂർവേദ ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) പരിയാരം ഗവ.ആയൂർവ്വേദ കോളേജ് ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും പണി തുടങ്ങാത്തതിന്റെ കാരണം അറിയിക്കുമോ; ഇതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകുമോ; | (എ) | 18 നേഴ്സസ് ക്വാർട്ടേഴ്സുകളുടെ പ്ലാസ്റ്ററിംഗ് ഉൾപ്പെടെയുള്ള നിർമ്മാണ ജോലികൾ ഇതിനകം പുർത്തിയായിട്ടുണ്ട്. കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫാർമസി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചുവെങ്കിലും ഒന്നാം ഘട്ട നിർമ്മാണത്തിൽ അവശേഷിക്കുന്ന ചുറ്റുമതിലിന്റെയും, മെയിൻ ഗേറ്റിന്റെയും നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ഫാർമസി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ചുറ്റുമതിലിന്റെയും മെയിൻ ഗേറ്റിന്റെയും ഡിസൈൻ ചീഫ് ആർക്കിടെക്റ്റ് അംഗീകരിച്ച് പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് അയച്ചിട്ടുണ്ട്. അതിനുള്ള പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യൂ.ഡി. അധികൃതരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് നിർദ്ദേശം നൽകുന്നതാണ്. എക്സ്റേ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (ബി) പ്രസ്തുത ആശുപത്രിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) | കണ്ണൂർ ആയൂർവേദ കോളേജിലും ആശുപത്രിയിലും ഉപയോഗിക്കുന്ന കുടിവെള്ളം ശുദ്ധീകരിക്കേണ്ടതുണ്ടെന്ന വാട്ടർ അതോറിറ്റി അധികൃതരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളം ശുദ്ധീകരിക്കുന്നതിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് സർക്കാരിൽ നിന്നും |

ഭരണാനുമതി ലഭ്യമാക്കി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | സർക്കാർ ഭരണാനുമതിയോടെ ആൺകുട്ടികളുടേയും പെൺ കുട്ടികളുടേയും ഹോസ്റ്റലിന് ഓരോ നില കൂടി നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച ഫണ്ടായ 60,50,000 രൂപ അടച്ചുവെങ്കിലും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശം നൽകുമോ; | (സി) | ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളിൽ അധിക നില പണിയുന്നതിന് കേന്ദ്രഫണ്ടായി അനുവദിച്ച തുകയിൽ നിന്നും 60.50 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി. അക്കൗണ്ടിൽ അടച്ചിരുന്നുവെങ്കിലും ഇതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. സർക്കാർ അംഗീകരിച്ച ടെൻഡർ അധിക തുക പ്രസ്തുത ടെൻഡർ സമർപ്പിച്ച കരാറുകാരൻ അംഗീകരിക്കാത്തതിനാലാണ് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ സാധിക്കാതിരുന്നത്. കേന്ദ്രഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ (ആയുഷ് വകുപ്പ്) ആവശ്യപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത തുക പി.ഡബ്ല്യൂ.ഡി.യിൽ നിന്നും തിരിച്ചു വാങ്ങി കേന്ദ്ര ഏജൻസികൾ മുഖാന്തിരം നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കെട്ടിടംപണി പൂർത്തിയാക്കാത്തതു മൂലം പല വികസന പ്രവർത്തനങ്ങൾക്കും ലഭിച്ചേക്കാവുന്ന ഗ്രാന്റ് നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ആയുർവേദ കോളേജിന് ലഭിച്ചിട്ടുള്ള കേന്ദ്ര ഫണ്ടുകൾ പൂർണ്ണമായും ചെലവാക്കി വരുന്നതേയുള്ളൂ. ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതു കാരണം കണ്ണൂർ ഗവണ്മെന്റ് ആയുർവേദ കോളേജിന് ആയുഷ് ഡിപ്പാർട്ട്മെന്റിൽ നിന്നും കൂടുതൽ ഗ്രാന്റുകളൊന്നും അനുവദിക്കില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ